ജി1 /23776/2019/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 14.8.2019

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തെ എല്ലാ കോളേജുകളിലും സി.സി.റ്റി.വി സ്ഥാപിക്കൽ - അടിയന്തിര നടപടി സ്വീകരിക്കേണ്ടത് - സംബന്ധിച്ച്

സൂചന:- കേരള യൂണിവേഴ്സിറ്റി രജിസ്ട്രാറുടെ 01.08.2019 തീയതിയിലെ Reg Sn 2/2019 നമ്പർ കത്ത്

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ഉണ്ടായ അനിഷ്ട സംഭവങ്ങളുടെ അടിസ്ഥാനത്തിൽ, എല്ലാ കോളേജുകളിലും പരീക്ഷാ സംബന്ധമായ രേഖകൾ കൈകാര്യം ചെയ്യുന്ന സ്ഥലങ്ങൾ പൂർണ്ണമായും സി.സി.റ്റി.വി യുടെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേരള യൂണിവേഴ്സിറ്റിയിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

ആയതിനാൽ ഈ വകുപ്പിന് കീഴിലുള്ള എല്ലാ കോളേജുകളിലും പരീക്ഷാ ഹാൾ, ചോദ്യപേപ്പർ പാക്കറ്റ് തുറക്കുന്ന സ്ഥലം, പരീക്ഷാ പേപ്പർ സൂക്ഷിക്കുകയും പായ്ക്ക് ചെയ്യുകയും ചെയ്യുന്ന സ്ഥലം എന്നിവ പൂർണ്ണമായും കവർ ചെയ്യത്തക്ക തരത്തിൽ സി.സി.റ്റി.വി സ്ഥാപിക്കുന്നതിന് 2019-20 സാമ്പത്തിക വർഷംതന്നെ അതാത് പ്രിൻസിപ്പാൾമാർ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

ചോദ്യപേപ്പർ, ഉത്തരക്കടലാസ് എന്നിവ സൂക്ഷിക്കുന്ന സ്ഥലങ്ങളിൽ ചുമതലപ്പെടുത്തിയിട്ടുള്ള ജീവനക്കാർ അല്ലാതെ മറ്റാരെയും തന്നെ പ്രവേശിക്കാതിരിക്കുവാൻ പരീക്ഷാ സൂപ്പർവൈസർ ശ്രദ്ധിക്കേണ്ടതാണ്.

പരീക്ഷാ സമയം കഴിഞ്ഞാൽ അരമണിക്കൂറിനുള്ളിൽ തന്നെ ഉപയോഗിച്ച ഉത്തക്കടലാസുകൾ പായ്ക്ക് ചെയ്ത് സീൽ ചെയ്യേണ്ടതും, ബാക്കി വന്ന ഉത്തരക്കടലാസുകൾ എണ്ണിത്തിട്ടപ്പെടുത്തി രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ പ്രകാരം സി.സി.റ്റി.വി സ്ഥാപിച്ച് ആയതിന്റെ ഒരു സ്റ്റാറ്റസ് റിപ്പോർട്ട് ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. സ്ഥാപിച്ചു കഴിഞ്ഞാൽ അതു പ്രവർത്തനക്ഷമമാണോഎന്ന് ദിവസവും ശ്രദ്ധിക്കേണ്ടതാണ്.

സ്ഥാപിച്ചവ പ്രവർത്തിക്കുന്നില്ലെങ്കിൽ അത്തരത്തിലുള്ളവ അടിയന്തിര ശ്രദ്ധപതിപ്പിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിന് പ്രിൻസിപ്പാൾമാർ വ്യക്തിഗത ശ്രദ്ധചെലുത്തേണ്ടതുമാണെന്ന് കൂടി നിർദ്ദേശിക്കുന്നു.

(ഒപ്പ്/-)

ഡോ.സുമ.കെ.കെ
കോളേജ് വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ഡയറക്ടർ (ഇൻ ചാർജ്ജ്)

പകർപ്പ്:
1. എല്ലാ സർക്കാർ ആർട്സ് & സയൻസ്/ട്രെയിനിംഗ്/മ്യൂസിക്/ സംസ്കൃത/ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് പ്രിൻസിപ്പൽമാർക്കും
2. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എല്ലാ എയ്ഡഡ് കോളേജുകളെയും അറിയിക്കുന്നതിലേയ്ക്കായി)
3. സിസ്റ്റം മാനേജർ
4. കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.ആർ/14.08.2019